## പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
**2006 ജൂൺ 28-ാം തീയതി ബുധനാഴ്ച**
**വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ**
**(ആകെ ചോദ്യങ്ങൾ-20)**

166. പച്ചക്കറികളുടെ വില വർദ്ധന തടയാൻ നടപടി
167. നെൽകൃഷിയും ഉല്പാദനവും
168. അനധികൃത ലോട്ടറി ടിക്കറ്റു വില്പന
169. കാർഷിക പ്രശ്നങ്ങൾ സംബന്ധിച്ച കേന്ദ്ര പഠന സംഘത്തിന്റെ സന്ദർശനം
170. അനധികൃത പണമിടപാട് സ്ഥാപനങ്ങൾ
171. വെടിക്കെട്ടപകടങ്ങൾ തടയാൻ നടപടി
172. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ എ.ജി.യ്ക്കുള്ള പങ്ക്.
173. പുഷ്പ കൃഷി, ഔഷധ കൃഷി എന്നിവയുടെ സാധ്യതകൾ
174. അന്തർ സംസ്ഥാന വാഹന മോഷണ സംഘം
175. പോലീസ്-പൊതുജന ബന്ധം ദൃഢമാക്കാൻ പദ്ധതി
176. വിള ഇൻഷ്വറൻസ് പദ്ധതി
177. വഴിയോരം ടൂറിസം പദ്ധതി
178. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം
179. ഫയർഫോഴ്സ് സ്റ്റേഷനുകൾ നവീകരിക്കാൻ നടപടി
180. പോലീസ് അതിക്രമങ്ങളെക്കുറിച്ച് പരിശോധിക്കാനുള്ള പ്രത്യേക സെൽ
181. ഹെൽത്ത് ടൂറിസം വികസനം
182. ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പരിശീലനം
183. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി
184. പച്ചക്കറി ഉത്പാദന രംഗത്തെ സ്വയംപര്യാപ്തത
185. കാർഷിക മേഖലയിലെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി

## പച്ചക്കറികളുടെ വില വർദ്ധന തടയാൻ നടപടി

166 ശ്രീ. എം.കെ.പുരുഷോത്തമൻ
ശ്രീ. എം.എം.മോനായി
ശ്രീമതി കെ.കെ. ലതിക
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളുടെ വില വർദ്ധന തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കർഷക സഹകരണ സംഘങ്ങളിൽ നിന്നും ഇവ നേരിട്ട് സംഭരിച്ച് ന്യായ വിലയ്ക്ക് വിൽപ്പന നടത്താൻ സംവിധാനം ഉണ്ടാക്കുമോ;

(ഡി) ഓണക്കാലത്തെ പച്ചക്കറി വില വർദ്ധന തടയുന്നതിന് മുൻകൂട്ടി പദ്ധതി തയ്യാറാകുമോ?

**<u>ഉത്തരം</u>**

### ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) ഉണ്ട്. പച്ചക്കറികളുടെ വില വർദ്ധന തടയാൻ കൃഷി വകുപ്പിന്റെ കീഴിലുള്ള സംഘമൈത്രികൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ.മുതലായ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഹോർട്ടികോർപ്പിന്റെ വിവിധ വിൽപ്പന കേന്ദ്രങ്ങളിലൂടെ പഴവർഗ്ഗങ്ങളുംപച്ചക്കറി കളും മാർക്കറ്റ് വിലയേക്കാൾ 15-20% വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാടൻ പച്ചക്കറികളും പഴവർഗ്ഗങ്ങളും കർഷകരിൽ നിന്നും നേരിട്ടും കർഷക സംഘങ്ങളിൽ നിന്നും മറ്റും വാങ്ങി ഹോർട്ടികോർപ്പ് കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നു.

(ഡി) പച്ചക്കറികൾ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്ന ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുവാനായി ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും വിപണി ഇടപെടൽ നടത്താറുണ്ട്. വരുന്ന ഓണക്കാലത്ത് കർഷക സംഘങ്ങളിൽ നിന്നും നാടൻ പച്ചക്കറികൾ കൂടുതലായി സംഭരിയ്ക്കാനും കേരളത്തിൽ ലഭിയ്ക്കാത്ത ഇനങ്ങൾ നേരിട്ട് സഫൽ മാർക്കറ്റ് (എൻ.ഡി.ഡി.ബി.) പോലെയുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റുമായി വൻതോതിൽ എത്തിക്കുവാനും ജനങ്ങൾക്ക് ആശ്വാസമേകാൻ കൂടുതൽ ഫെയറുകൾ നടത്തുവാനും ഉദ്ദേശിക്കുന്നു. ഇതുകൂടാതെ മൊബൈൽ യൂണിറ്റുകൾ വ്യാപകമാക്കി ജനങ്ങളിലേക്ക് എത്തിച്ചേരുവാനും ശ്രമിക്കുന്നതാണ്.

# നെൽകൃഷിയും ഉല്പാദനവും

*167 ശ്രീ.പി. എം.എ. സലാം
ശ്രീ.കെ.പി. മോഹനൻ
ശ്രീ.എ.കെ. ശശീന്ദ്രൻ
ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ഉത്പ്പാദിപ്പിക്കുന്ന നെല്ലിന്റെ കണക്ക് വെളിപ്പെടുത്താമോ ;

(ബി) നെൽകൃഷിയിലും ഉത്പാദനത്തിലും ഉണ്ടാവുന്ന കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

**ഉത്തരം**

## ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് 1985-86 മുതൽ 2004-05 വരെ ഉത്പ്പാദിപ്പിച്ച നെല്ലിന്റെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും നെല്ലിന്റെ ഉത്പ്പാദനവും കുറഞ്ഞുവരികയായിരുന്നു. അതിനാൽ നിലവിലുള്ള പദ്ധതികളെക്കുറിച്ച് സത്യസന്ധവും സമഗ്രവുമായ റിവ്യു നടത്തുകയും കർഷകർ നേരിടുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നതാണ്.

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.
2. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.
3. വിത്തുവിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്തുവികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.
4. ഓരോ സീസണിലും നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകിവരുന്നു.
5. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.
6. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു.
7. സംയോജിത വളപ്രയോഗം, സംയോജിതകീടനിയന്ത്രണം, ജലപരിപാലനം ജൈവവള പ്രയോഗം പ്രാവർത്തികമാക്കുക എന്നിവ നടപ്പിലാക്കുന്നു.
8. നെല്ലു സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നു.
9. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകുന്നു.
10. കൃഷി നാശം നേരിട്ട കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത പലിശ, പിഴപലിശ എന്നിവയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.
11. യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനും, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.
12. സുഗന്ധ നെല്ല് ബ്രാന്റ് ചെയ്ത് വിപണനം ചെയ്യുന്നതിനും അനുയോജ്യമായ പ്രദേശങ്ങളിൽ ഒറ്റ ഞാർ കൃഷി വ്യാപിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
13. കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ 33,000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്രവികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## അനുബന്ധം

| Year | Area ('000ha) | Production ('000 tonnes) | Productivity (Kg/ha) |
|---|---|---|---|
| 1985-86 | 678.28 | 1173.05 | 1729 |
| 1986-87 | 663.13 | 1133.79 | 1710 |
| 1987-88 | 604.08 | 1032.61 | 1709 |
| 1988-89 | 577.56 | 1002.32 | 1735 |
| 1989-90 | 583.39 | 1141.23 | 1956 |
| 1990-91 | 559.45 | 1086.58 | 1942 |
| 1991-92 | 541.33 | 1060.35 | 1959 |
| 1992-93 | 537.61 | 1084.88 | 2018 |
| 1993-94 | 507.83 | 1003.39 | 1976 |
| 1994-95 | 503.29 | 975.07 | 1937 |
| 1995-96 | 471 | 953 | 2023 |
| 1996-97 | 431 | 871 | 2021 |
| 1997-98 | 387 | 765 | 1977 |
| 1998-99 | 352.63 | 726.74 | 2061 |
| 1999-00 | 349.77 | 770.68 | 2203 |
| 2000-01 | 347.45 | 751.33 | 2162 |
| 2001-02 | 322.37 | 703.5 | 2182 |
| 2002-03 | 310.52 | 688.86 | 2218 |
| 2003-04 | 287.34 | 570.05 | 1984 |
| 2004-05 | 289.974 | 667.105 | 2301 |

## അനധികൃത ലോട്ടറി ടിക്കറ്റു വില്പന

*168 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീമതി. ഇ.എസ്. ബിജി മോൾ
ശ്രീ. എ.കെ. ചന്ദ്രൻ
„ രാജാജി മാത്യു തോമസ്
„ ബാബു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അന്യസംസ്ഥാന അനധികൃത ലോട്ടറി ടിക്കറ്റു വില്പനയും, ഓൺലൈൻ ലോട്ടറികളും ശക്തിപ്രാപിച്ചിട്ടുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നിരോധിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; അതിനുളള നടപടികൾ ഏതുവരെയായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഒരു ലോട്ടറി നറുക്കെടുപ്പിന് എത്ര രൂപ നികുതിയടക്കേണ്ടതായിട്ടുണ്ട്; നികുതിയടച്ച് എത്ര കമ്പനികൾ സംസ്ഥാനത്തു ടിക്കറ്റ് വില്പന നടത്തുന്നുണ്ട്;

(സി) നികുതിയടയ്ക്കാതെ ടിക്കറ്റ് വില്പന നടത്തുന്ന എത്ര കമ്പനികളുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) കേരളാ ഭാഗ്യക്കുറിയിൽ കൂടുതൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

**<u>ഉത്തരം</u>**

### ഡോ.തോമസ് ഐസക് (ധനകാര്യ വകുപ്പുമന്ത്രി)

(എ) 2005-ലെ കേരളാ ടാക്സ് ഓൺ പേപ്പർ ലോട്ടറി ആക്ട് പ്രകാരം നിയമാനുസൃതം നികുതി ഒടുക്കിയ പേപ്പർ ലോട്ടറികൾക്ക് മാത്രമേ കേരളത്തിൽ വില്പന നടത്താൻ കഴിയൂ. എല്ലാ വിധ ഓൺലൈൻ കമ്പ്യൂട്ടർവൽകൃത ലോട്ടറികളും കേരളത്തിൽ നിയമം മൂലം നിരോധിച്ചിട്ടുണ്ട്.

(ബി) ഒരു സാധാരണ ലോട്ടറി നറുക്കെടുപ്പിന് രണ്ടര ലക്ഷം രൂപയും ബംബർ നറുക്കെടുപ്പിന് 10 ലക്ഷം രൂപയുമാണ് നികുതിയായി ഒടുക്കേണ്ടത്. സിക്കിം, ഭൂട്ടാൻ, എന്നീ ഗവണ്മെന്റുകളുടെ പ്രൊമോട്ടർമാരാണ് നികുതി അടച്ച് ടിക്കറ്റ് വില്പന നടത്തുന്നത്.

(സി) നികുതി അടയ്ക്കാതെ കമ്പനികൾ ടിക്കറ്റ് വില്പന നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അതെ. ഉദ്ദേശിക്കുന്നു. ഭാഗ്യക്കുറി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് സമ്മാന വിതരണം, ഫലപ്രഖ്യാപനം, ടിക്കറ്റ് വില്പന എന്നിവ കാര്യക്ഷമമാക്കാനും സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2 പുതിയ ലോട്ടറികൾ കൂടി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കാർഷിക പ്രശ്നങ്ങൾ സംബന്ധിച്ച് കേന്ദ്ര പഠന സംഘത്തിന്റെ സന്ദർശനം

*169 ശ്രീ. പി.തിലോത്തമൻ
,, എൻ.രാജൻ
,, കെ.രാജു
,, വി.എസ്.സുനിൽകുമാർ
,, കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പ്രശ്നങ്ങൾ പഠിക്കുന്നതിന് കേന്ദ്ര സംഘം കേരളത്തിലെത്തിയതെന്നാണ് ; അവർ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു ;

(ബി) കേരളത്തിൽ ഈ മേഖലയിലെ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് കേന്ദ്ര സംഘം വിലയിരുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച വിശദമായ നിവേദനം ഈ സംഘത്തിന് നൽകിയിട്ടുണ്ടോ ; ഈ നിവേദനത്തിലെ ഉള്ളടക്കം വിശദമാക്കുമോ ;

(ഡി) കടക്കെണിമൂലം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യചെയ്തതായിട്ടാണ് കേന്ദ്ര സംഘത്തെ ധരിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

### ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) വയനാട് ജില്ലയിലെ കർഷക ആത്മഹത്യകളെയും കാർഷിക പ്രശ്നങ്ങളെയും കുറിച്ചു പഠിക്കുന്നതിന് പഠിക്കുന്നതിന് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മൂന്നംഗ സംഘം 7.6.2006നാണ് കേരളത്തിലെത്തിയത്. വയനാട് ജില്ലയിലെ കൽപ്പറ്റ, സുൽത്താൻബത്തേരി, മാനന്തവാടി ബ്ലോക്കുകളിലെ കർഷക ആത്മഹത്യനടന്ന 19 കുടുംബങ്ങൾ സംഘം സന്ദർശിച്ചു.

(ബി) കേന്ദ്ര സംഘം സന്ദർശനത്തിനുശേഷം മുഖ്യമന്ത്രിയുമായും മറ്റു മന്ത്രിമാരുമായും നടത്തിയ ചർച്ചകളിൽ നിന്നും ഈ മേഖലയിലെ പ്രശ്നങ്ങൾ ഗുരുതരമാണെന്ന നിഗമനത്തിലാണ് അവർ എത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട് കേന്ദ്ര സംഘവുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കാർഷിക മേഖല ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ കാർഷിക പ്രതിസന്ധികളും പ്രശ്നങ്ങളും ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് 501.4 കോടിരൂപയ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിലേക്ക് ഒരു മെമ്മൊറാണ്ടം കേന്ദ്ര സംഘത്തിന് സമർപ്പിച്ചു. അതിലെ മുഖ്യ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളുടെ ഉപജീവനത്തിന് ചുരുങ്ങിയത് ഒരു ലക്ഷം രൂപയെങ്കിലും സമാശ്വാസ ധന സഹായമായി ഉടൻ നൽകണം.
2. ആത്മഹത്യ ചെയ്ത കർഷകരുടെ എല്ലാ വിധ കടബാധ്യതകളും എഴുതിത്തള്ളണം.
3. കാർഷികാവശ്യങ്ങൾക്ക് കർഷകർ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുക.
4. കാർഷിക വായ്പകൾ 4% പലിശ നിരക്കിൽ യഥേഷ്ടം ലഭ്യമാക്കുക.
5. കൃഷി, ജലസേചനം, മൃഗപരിപാലനം, ഡയറി എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ധന സഹായം ലഭ്യമാക്കുക.

(ഡി) കേന്ദ്ര സംഘം വയനാട് ജില്ലയിൽ എം.എൽ.എ.മാർ ത്രിതല പഞ്ചായത്തു പ്രതിനിധികൾ, കർഷകർ, ജില്ലാ കളക്ടർ, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി നടന്ന ചർച്ചയിൽ 321 കർഷകർ ജില്ലയിൽ മാത്രമായി ആത്മഹത്യ ചെയ്തതായി സ്ഥിരീകരിക്കപ്പെടുകയും 58 ആത്മഹത്യകളിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. സംസ്ഥാനത്താകെ കടക്കെണി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ വിശദമായ കണക്ക് ശേഖരിച്ചുവരുന്നു.

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

*170 ശ്രീ. വി.എൻ. വാസവൻ
ശ്രീ. എ.സി. മൊയ്തീൻ
,, വി.ജെ. തങ്കപ്പൻ
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യവകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ ചെറുകിട കച്ചവടക്കാരെയും സാധാരണക്കാരെയും കടക്കെണിയിലാക്കുന്നത് മൂലമുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ളേഡ് കമ്പനികളുടെ പിടിയിൽപ്പെട്ട് കഷ്ടപ്പെടുന്നവരെ മോചിപ്പിക്കുവാൻ നിയമ നടപടി സ്വീകരിക്കുമോ;

(ഡി) ബ്ളേഡ് കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ചെറുകിട കച്ചവടക്കാർക്കും മറ്റും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലളിത വ്യവസ്ഥയിൽ ലോൺ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ഡോ.തോമസ് ഐസക് (ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബ്ളേഡ് കമ്പനികളുടെ പിടിയിൽപ്പെട്ട് കഷ്ടപ്പെടുന്നവരെ മോചിപ്പിക്കുവാൻ 1958-ലെ കേരള മണി ലെന്റിംഗ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ബ്ളേഡ് കമ്പനികൾക്കെതിരെ 1958-ലെ കേരള മണി ലെന്റിംഗ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ലളിതവ്യവസ്ഥയിൽ ലോൺ ലഭ്യമാക്കുന്ന കാര്യം വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാകയാൽ ടി വകുപ്പുകളും സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

## വെടിക്കെട്ടപകടങ്ങൾ തടയാൻ നടപടി

*171 ശ്രീ. കെ.കുഞ്ഞിരാമൻ
,, എം.പ്രകാശൻ മാസ്റ്റർ
,, പി.ജയരാജൻ
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
ശ്രീ.സി.കെ.പി.പത്മനാഭൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വെടിമരുന്നുശാലയിൽ തീപിടിച്ച് അത്യാഹിതങ്ങളുണ്ടാകുന്ന നിരവധി സംഭവങ്ങൾ അടുത്തകാലത്ത് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ലൈസൻസ് നൽകുമ്പോൾ അവർ നിയമ പ്രകാരം സ്വീകരിക്കേണ്ട മുൻകരുതലുകൾ പാലിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) വെടിമരുന്നുശാലയിൽ തീപിടിച്ച് അത്യാഹിതങ്ങളുണ്ടായ ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിരന്തരമായ പരിശോധനകൾ നടത്തി വെടിമരുന്ന് കൈകാര്യം ചെയ്യുന്നത് നിയമപ്രകാരവും മതിയായ സുരക്ഷാ ക്രമീകരണങ്ങളോടു കൂടിയാണ് എന്ന് ഉറപ്പുവരുത്തുന്നു. അനധികൃതമായി വെടിമരുന്നു നിർമ്മാണമോ കൈകാര്യം ചെയ്യലോ നടക്കുന്നുണ്ടോ എന്ന് രഹസ്യമായും റെയ്ഡുകൾ തുടങ്ങിയവ മുഖേനയും അന്വേഷിച്ചുവരുന്നതും അപ്രകാരം ശ്രദ്ധയിൽപ്പെടുമ്പോൾ നിയമാനുസരണം നടപടികളെടുത്തുവരികയും ചെയ്യുന്നു. വാഹന പരിശോധന കർശനമാക്കി അനധികൃതമായി കടത്തുന്ന വെടിമരുന്നു സാമഗ്രികൾ പിടിച്ചെടുക്കാൻ നടപടികൾ കൈക്കൊള്ളുന്നു. കൂടാതെ നിയമാനുസൃതം (എക്സ്പ്ളോസീവ് ആക്ട്/റൂൾ എന്നിവ പ്രകാരം ) ലൈസൻസ് ഉള്ളവർക്ക് മാത്രമേ വെടിമരുന്നുപയോഗിക്കാനും വിൽക്കുവാനും പാടുള്ളു എന്നും വെടിമരുന്നുൽപ്പാദിപ്പിക്കുന്നവർ ആയത് നിയമാനുസൃതം ലൈസൻസുള്ളവർക്ക് മാത്രമേ വിൽക്കുവാൻ പാടുള്ളു എന്നും കർശനമായി നിഷ്ക്കർഷിച്ചിട്ടുള്ളതും ഇതിനെതിരെ പ്രവർത്തിക്കുന്നവരുടെ പേരിൽ കർശന നടപടികൾ എടുത്തുവരുന്നതുമാണ്.

(സി) ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ എ.ജി.യ്ക്കുള്ള പങ്ക്.

*172 ശ്രീ. എം.ഉമ്മർ
,,കെ.കുട്ടി അഹമ്മദുകുട്ടി
,, സി.ടി.അഹമ്മദ് അലി
,, പി.കെ. അബ്ദു റബ്ബ്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ എ.ജി.യ്ക്കുള്ള പങ്ക്, അധികാരങ്ങൾ എന്നിവയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ലോക്കൽ ബോഡികളുടെയും ഫണ്ടുകൾ ഓഡിറ്റ് നടത്തുന്ന സ്റ്റാറ്റ്യൂട്ടറി ഏജൻസിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ എ.ജി.യ്ക്ക് ഭരണപരമായ അധികാരങ്ങൾ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ഡോ.തോമസ് ഐസക് (ധനകാര്യ വകുപ്പുമന്ത്രി)**

(എ) 17.10..2002-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 631/02/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. (ആയത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(സി) പരിഗണനയിൽ ഇല്ല.

(ഡി) ബാധകമല്ല.

## പുഷ്പ കൃഷി, ഔഷധ കൃഷി എന്നിവയുടെ സാധ്യതകൾ

173 ശ്രീ. സി. എം. ദിനേശ് മണി
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.അൽഫോൺസ് കണ്ണന്താനം
ശ്രീ.രാജു എബ്രഹാം
ശ്രീ.വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഷ്പ കൃഷി , ഔഷധ കൃഷി എന്നിവയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ രംഗത്ത് കേരളം വളരെ പിന്നിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ വിപണനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കൃഷികൾക്ക് ഏതെല്ലാം ജില്ലകളിലാണ് പ്രത്യേക ശ്രദ്ധ നൽകാൻ ഉദ്ദേശിക്കുന്നത് എന്നു വെളിപ്പെടുത്താമോ ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) ഉണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏർപ്പെടുത്തി വരുന്നു. പുഷ്പകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന മിഷൻ കേരള പദ്ധതിയിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുഷ്പങ്ങളുടെ കയറ്റുമതി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിൽ ഒരു കാർഷിക കയറ്റുമതി മേഖലാപദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ഔഷധസസ്യകൃഷിക്കുള്ള കാർഷിക കയറ്റുമതി മേഖല 2005-ൽ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) ഔഷധ സസ്യകൃഷിക്കുള്ള കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പുഷ്പ കൃഷിക്കായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വക ഒരു ഏക്കർ സ്ഥലത്ത് ഒരു മോഡൽ ആന്തൂറിയം ഫാം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## അന്തർ സംസ്ഥാന വാഹന മോഷണ സംഘം

*174 ശ്രീ. എം. ഹംസ
'' ടി. പി. കുഞ്ഞുണ്ണി
'' എം. കെ. പുരുഷോത്തമൻ
'' കെ. ടി. ജലീൽ
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന വാഹന മോഷണ സംഘം വ്യാപകമായി പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ട്;

(സി) ഇത് ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം;

(ഡി) ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം:- കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) അന്തർസംസ്ഥാന ബന്ധങ്ങളുള്ള വാഹന മോഷണ സംഘങ്ങൾ സംസ്ഥാനത്ത് അങ്ങിങ്ങ് പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ 39 കേസുകൾ നിലവിലുണ്ട്.

(സി) രാത്രികാല പെട്രോളിംഗ് ശക്തമാക്കിയും വാഹന പരിശോധന നടത്തിയും ബോർഡർ ചെക്കിംഗ് നടത്തിയും അപരിചിതരെ ചെക്കുചെയ്തും രഹസ്യാന്വേഷണങ്ങൾ നടത്തിയും ഫലപ്രദമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേസ്സുകൾ ഉണ്ടാകുമ്പോൾ ജില്ലാ തലത്തിൽ പ്രഗത്ഭരായ ഉദ്യോഗസ്ഥർ അടങ്ങിയ അന്വേഷണ സംഘങ്ങളെ അതത് എസ്.പി. മാരും കമ്മീഷണർമാരും നിയോഗിക്കാറുണ്ട്. വളരെ ഗൗരവതരമായ കേസുകൾ ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്യാറുണ്ട്. ആയതിനാൽ പ്രത്യേക സംവിധാനത്തിന്റെ ആവശ്യകത ഇപ്പോഴില്ല.

## പോലീസ്-പൊതുജന ബന്ധം ദൃഢമാക്കാൻ പദ്ധതി

*175 ശ്രീ. സി.കെ.സദാശിവൻ
,, കെ.വി. അബ്ദുൾഖാദർ
,, കെ.സി.കുഞ്ഞിരാമൻ
,, കെ. കുഞ്ഞമ്മത്മാസ്റ്റർ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പോലീസ്-പൊതുജന ബന്ധം ദൃഢമാക്കാൻ ഉദ്ദേശിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്;

(ബി) പദ്ധതിയുടെ നടത്തിപ്പിനായി നഗരങ്ങളിലെ റസിഡന്റ്സ് അസൈാസിയേഷനുകളെയും മറ്റ് സന്നദ്ധ സംഘടനകളെയും സഹകരിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

**ഉത്തരം:- കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) പോലീസ്-പൊതുജന ബന്ധം ദൃഢമാക്കാൻ കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 57 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ തുടങ്ങിയിട്ടുണ്ട്. സ്ത്രീകൾക്ക് ധൈര്യസമേതം പോലീസ് സ്റ്റേഷനുകളിൽ കടന്നുചെല്ലാനും തങ്ങളുടെ പരാതി ബോധിപ്പിക്കാനുമായി വനിതാ പോലീസുകർ അടങ്ങുന്ന വിമൻ ഡസ്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ നാർക്കോട്ടിക് സെൽ ഡപ്യൂട്ടി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സീനിയർ സിറ്റിസൺ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ ഹാജരാകാതെ പരാതി നൽകുന്നതിനായി തിരുവനന്തപുരം സിറ്റിയിൽ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതികളും ബുദ്ധിമുട്ടുകളും യഥാസമയം പോലീസിനെ അറിയിക്കുന്നതിനായി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന ഒരു പോലീസ് ഹെൽപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്.

പോലീസ് പൊതുജനബന്ധം ദൃഢമാക്കുന്നതിനുവേണ്ടി 'കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി പരിഗണനയിലാണ്. രാഷ്ട്രീയപാർട്ടികൾ, സന്നദ്ധസംഘടനകൾ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവരെയും കുടുംബശ്രീ, നാഷണൽ സർവ്വീസ് സ്കീം എന്നിവയുമായി സഹകരിച്ചും ട്രാഫിക്/നിയമ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിച്ചും പോലീസ്പൊതുജനബന്ധം ശക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് പൊതുജനബന്ധം വർദ്ധിപ്പിക്കുന്നതിനായി ഒരു പദ്ധതി ജില്ലകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലെ പ്രധാന ഇനങ്ങൾ താഴെ കൊടുക്കുന്നു.

1. ട്രാഫിക് ബോധവൽക്കരണം
2. ഫോണിലൂടെയുള്ള പരാതി പരിഹാരം
3. അദാലത്ത്
4. കായികമത്സരങ്ങൾ

സാംസ്ക്കാരിക പരിപാടികൾ

(ബി) പദ്ധതിയുടെ നടത്തിപ്പിനായി റസിഡൻഷ്യൽ അസോസിയേഷനുകൾ കുടുംബശ്രീ, എൻ.സി.സി/സ്കൗട്ട്, നാഷണൽ സർവ്വീസ് സ്കീം, സ്ക്കൂൾ കോളേജ് അധികാരികൾ തുടങ്ങിയവരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം സിറ്റി, കോട്ടയം, എറണാകുളം സിറ്റി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി ഇതിനകം തുടങ്ങിയിട്ടുണ്ട്. ഇതു താമസിയാതെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതി

*176 ശ്രീ.വി.ചെന്താമരാക്ഷൻ
,, ബാബു എം.പാലിശ്ശേരി
,, എ.എം.യൂസഫ്
,, എം.ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകൾ ഉൾപ്പെടുന്നു ; ഇതിൽ എത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

(ബി) എങ്ങനെയെല്ലാമുള്ള കെടുതികൾ മൂലമുള്ള വിള നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പുതുതായി ഏതെങ്കിലും വിളകളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്തെ 25 പ്രധാന വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് തെങ്ങ്, വാഴ, റബ്ബർ, കമുക്, കുരുമുളക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, കരിമ്പ്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുകയില, നെല്ല് എന്നീ വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകിവരുന്നത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 1995 മുതൽ 2005 വരെ 1,32,898 കർഷകർ അംഗങ്ങളായിട്ടുണ്ട്.

(ബി) വരൾച്ച്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടി, മിന്നൽ, കാട്ടുതീ എന്നീ പ്രകൃതി ക്ഷോഭങ്ങൾക്കും കാട്ടാനശല്യം മൂലമുണ്ടാകുന്ന കൃഷി നാശത്തിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

(സി) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലം കാർഷിക രംഗത്ത് അടിക്കടി ഉണ്ടാകുന്ന വൻനാശനഷ്ടം കണക്കിലെടുത്ത് കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ കൃഷിഭവന്റെയും കീഴിലുള്ള അഗ്രോ ക്ലിനിക്കുകൾ വഴി ഈ പദ്ധതിക്ക് പ്രചാരം നൽകി വരുന്നു. കൂടാതെ ജില്ലകളിൽ സംഘടിപ്പിക്കുന്ന കാർഷിക സെമിനാറുകൾ വഴിയും കൃഷിഭവനുകളുടെ കാർഷിക വികസനസമിതികൾ വഴിയും പാടശേഖര സമിതികൾ വഴിയും കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിനുള്ള പ്രചാരണ നടപടികൾ നടത്തിവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സൗജന്യ പ്രസിദ്ധീകരണത്തിലൂടെയും ഈ പദ്ധതിയ്ക്ക് വേണ്ടത്ര പ്രചാരം നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ 25 പ്രധാന കാർഷിക വിളകളെ ഇപ്പോൾ തന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകർ ആവശ്യപ്പെട്ടാൽ കൂടുതൽ വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

## വഴിയോരം ടൂറിസം പദ്ധതി

*177 ശ്രീ. കെ.ടി. ജലീൽ
,, കെ.വി.അബ്ദുൾഖാദർ
,, വി. ശശികുമാർ
,, വി.ജെ. തങ്കപ്പൻ
,, ബി. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആവിഷ്ക്കരിച്ച വഴിയോരം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് എത്രപേർ മുന്നോട്ട് വന്നിട്ടുണ്ട്; ഇവർക്ക് സർക്കാർ എന്തെല്ലാം സഹായമാണ് ചെയ്യുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തുതുക മുൻ സർക്കാർ വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി ടൂറിസം പരിപോഷിപ്പിക്കുവാൻ സഹായകമാകുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) വഴിയോരം പദ്ധതിയിലേക്ക് 121 സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനായി വകുപ്പു തയ്യാറാക്കിയ കരാറിൽ തെരഞ്ഞെടുത്ത സംരംഭകർ ജൂൺ മാസം 30–നകം ഒപ്പുവെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവയിൽ പത്തു പേർ ഇതിനകം തന്നെ കരാറിൽ ഒപ്പു വച്ചു കഴിഞ്ഞു. ബാക്കിയുള്ള സംരംഭകർക്ക് കരാറിന്റെ നക്കൽ അയച്ചു കൊടുത്തു കഴിഞ്ഞു.

(ബി) ഈ പദ്ധതിയിലേക്ക് 121 സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ മൂന്നു തരത്തിലുള്ള യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംരംഭകരുടെ യോഗ്യത, സ്ഥലത്തിന്റെ ലഭ്യത, സംരംഭക പശ്ചാത്തലം, ആതിഥേയ വ്യവസായത്തിലുള്ള പരിചയം, മുതൽ മുടക്കു ശേഷി, സംരംഭകന്റെ പ്രായം എന്നിവ പരിശോധിച്ച് ഓരോ സംരംഭകനും ഓരോ ക്ലാസിലുള്ള യൂണിറ്റുകൾ നിർമ്മിക്കാനുള്ള അനുവാദമാണ് വകുപ്പ് നൽകിയിരിക്കുന്നത്. ഇതിൽ സംരംഭകർ മുടക്കുന്ന മൊത്തം തുകയുടെ 25 ശതമാനം (പരമാവധി 7 ലക്ഷം രൂപ) സബ്സിഡിയായി ഓരോ സംരംഭകർക്കും വകുപ്പ് നൽകും. യൂണിറ്റുകൾ പൂർത്തിയായ ശേഷം മാത്രമേ സബ്സിഡി നൽകുകയുള്ളൂ. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള സഹായം, ബ്രാൺഡിംഗിനും മാർക്കറ്റിംഗിനുമുളള സഹായം, ട്രെയിനിംഗ് തുടങ്ങിയവയും നൽകുന്നതാണ്.

(സി) ടൂറിസം വികസനത്തിന് ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 30.19 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഈ തുകയിൽ വഴിയോരം പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. വഴിയോരം പദ്ധതിക്ക് G.O.(MS)No.26/05/GAD തീയതി 20-01-2005 പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ടൂറിസം പരിപോഷിപ്പിക്കുന്നതിന് വഴിയോര പദ്ധതി വളരെയേറെ സഹായകരമാകുന്നതാണ്. തദ്ദേശീയരും, വിദേശീയരുമായ യാത്രക്കാർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുകയെന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പ്രധാന ടൂറിസം സെന്ററുകളിലേക്കുള്ള റോഡുകൾ എന്നിവയുടെ അരികിലാണ് വഴിയോരം യൂണിറ്റുകൾ ഉദ്ദേശിക്കുന്നത്. ഓരോ യൂണിറ്റിലും ഭക്ഷണശാല, സുവനിയർ ഷോപ്പ്, ബാത്ത്റൂം & ടോയ്‌ലറ്റ്, വിശമിക്കാനുള്ള സ്ഥലം, ടെലിഫോൺ, ഇന്റർനെറ്റ് ഫെസിലിറ്റി, കാർപാർക്കിംഗ് ഏരിയ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം

*178 ശ്രീ.എം.എം.മോനായി
,, പി.വിശ്വൻ
ശ്രീമതി ജെ.അരുന്ധതി
ശ്രീ.ടി.പി.കുഞ്ഞുണ്ണി
,, എ.എം.ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിരംഗത്ത് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) നെൽകൃഷി രംഗത്ത് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാന നെൽകൃഷി മേഖലയായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 1.2 ലക്ഷം ഹെക്ടർ സ്ഥലത്ത് ഈ വർഷം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഗ്രൂപ്പ് ഫാമിംഗ് പദ്ധതികൾ പാടശേഖര സമിതികൾ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

(സി) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 1000/- രൂപാ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

## ഫയർഫോഴ്സ് സ്റ്റേഷനുകൾ നവീകരിക്കാൻ നടപടി

*179 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. പി. കൃഷ്ണപ്രസാദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഫയർഫോഴ്സ് സ്റ്റേഷനുകളിൽ കൂടുതൽ ഫയർ എഞ്ചിനുകളും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏത് അപകടസ്ഥിതിയും നേരിടാൻ കഴിയുംവിധം ഫയർ ഫോഴ്സ് വിഭാഗത്തിന് പരിശീലന പദ്ധതി ആവിഷ്കരിക്കുമോ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) & (ബി) ഉണ്ട്. കേരള ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന്റെ നവീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ വിഹിതമായി നാലു വർഷത്തേയ്ക്ക് 61 കോടി 80 ലക്ഷം രൂപ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുക തുക ഉപയോഗിച്ച് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 31 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനും, ഫയർ സ്റ്റേഷനുകൾക്കുവേണ്ടി വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ അത്യാധുനിക രക്ഷാ ഉപകരണങ്ങളായ സ്കൈലിഫ്റ്റ്, ലൈഫ് ഡിറ്റക്ടർ, ഹൈഡ്രോളിക് റസ്ക്യൂ ഇക്യുപ്മെന്റ്സ്, എസ്കവേറ്റർ തുടങ്ങിയവ ഉൾപ്പെടെയുള്ള രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും, ജില്ലാ ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച ശേഷം ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(സി) ഫയർ ഫോഴ്സ് വിഭാഗത്തിന് ആധുനിക രീതിയിലുള്ള പരിശീലനം നൽകുവാൻ വിയ്യൂരിൽ 6.20 കോടി രൂപ ചെലവഴിച്ച് ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടിന്റെ നിർമ്മാണം നടത്തി വരികയാണ്. ഒരു വർഷത്തിനകം ടി കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതാണ്. ട്രെയിനിംഗിന് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിയും ഇതോടൊപ്പം സ്വീകരിക്കുന്നതാണ്.

## പോലീസ് അതിക്രമങ്ങളെക്കുറിച്ച് പരിശോധിക്കാനുള്ള പ്രത്യേക സെൽ

*180 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ
,, എം. എം. യുസഫ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പോലീസ് അതിക്രമങ്ങളും പോലീസിന്റെ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങൾക്കുള്ള ആക്ഷേപങ്ങളും പരിശോധിച്ച് നടപടിയെടുക്കാൻ ഉന്നതപോലിസ് ഉദ്യോഗസ്ഥർ അടങ്ങിയ പ്രത്യേക സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സെല്ലിന്റെ ഘടന എന്താണ്;

(ബി) ഈ സെല്ലിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവിടെ ലഭിക്കുന്ന പരാതികൾ ഒരു നിശ്ചിത തീയതിക്കകം അന്വേഷണം പൂർത്തിയാക്കി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് സെൽ രൂപീകരിക്കുന്നത്;

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഈ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ
### (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ),(ബി), (സി) &(ഡി) പോലീസ് അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ ഉചിതമായി കൈകാര്യം ചെയ്യുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഹരിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ നൽകുവാൻ പോലീസ് കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കമ്മീഷന്റെ ഘടന, പ്രവർത്തനം എന്നിവയെപ്പറ്റി തീരുമാനമായിട്ടില്ല.

## ഹെൽത്ത് ടൂറിസം വികസനം

ഠ*181 ശ്രീ. ജി. കാർത്തികേയൻ
,, കെ. സി. വേണുഗോപാൽ
,, ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഹെൽത്ത് ടൂറിസം വികസനത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാമാണ്;

(സി) ആയൂർവേദ വൈദ്യശാഖയെ ഇക്കാര്യത്തിനായി വിനിയോഗിക്കാൻ എന്തെല്ലാം പരിപാടികളാണുളളത്;

(ഡി) സംസ്ഥാന ഗവൺമെന്റ് ഹെൽത്ത് ടൂറിസം വികസന രംഗത്തേയ്ക്ക് കടക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ
### (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ ലഭിക്കുന്ന കുറഞ്ഞ ചിലവിലുള്ള വിദഗ്ദ്ധ ചികിത്സ തേടിവരുന്ന വിദേശികൾക്ക് ഗുണനിലവാരമുള്ള ചികിത്സ കുറഞ്ഞ ചിലവിൽ ഉറപ്പുവരുത്തുകയും, അതോടൊപ്പംതന്നെ കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുകയും അതുവഴി ടൂറിസം രംഗത്ത് നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്വകാര്യമേഖലയുമായി ചേർന്നുള്ള പദ്ധതികളാണ് ഇപ്പോൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. ഇതനുസരിച്ച് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീയുമായി ചേർന്ന് കൊച്ചിയിൽ അന്താരാഷ്ട്ര തലത്തിലുള്ള ഒരു സെമിനാറും എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. വിദേശരാജ്യങ്ങളിൽ ഹെൽത്ത് ടൂറിസവുമായി ബന്ധപ്പെട്ട് നടക്കുന്ന മേളകളിൽ കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തിവരുന്നു. കേരളത്തിൽ ഇന്ന് ലഭ്യമായ ചികിത്സകളും അവയ്ക്കുള്ള ചിലവും മറ്റു സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബ്രോഷറുകൾ പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിൽ മെഡിക്കൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നേടികൊടുക്കുന്നതിനും മുൻകൈയെടുക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ആധുനിക ചികിത്സ ലഭ്യമാകുന്ന പ്രധാനപ്പെട്ട ആശുപത്രികൾ സ്ഥിതിചെയ്യുന്നത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആയതിനാൽ പ്രസ്തുത നഗരങ്ങളും പരിസരപ്രദേശത്തുള്ള ടൂറിസം കേന്ദ്രങ്ങളും ഹെൽത്ത് ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങളായി കണക്കാക്കുന്നു.

(സി) ആയുർവേദത്തിന്റെ സാദ്ധ്യതകൾ ഇതിനകംതന്നെ മനസ്സിലാക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയുർവേദിക് സെന്ററുകളെ സൗകര്യങ്ങൾ അനുസരിച്ച് ക്ലാസിഫിക്കേഷൻ നടത്തി ഗുണനിലവാരമുള്ള ചികിത്സ വിദേശികൾക്ക് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഹെൽത്ത് ടൂറിസം വികസിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയുമായി സഹകരിച്ച് ഇതിനകം തന്നെ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട.

## ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പരിശീലനം

*182 ശ്രീ. മഞ്ഞളാംകുഴി അലി
,, എ.എം. ആരിഫ്
,, സി.കെ.പി. പത്മനാഭൻ
,, മുരളി പെരുനെല്ലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഇവിടെനിന്നും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് ടൂറിസ്റ്റുകൾക്ക് ലഭിക്കുന്നത്;

(സി) കേരളത്തിലെ എല്ലാ ടൂറിസ്റ്റു കേന്ദ്രങ്ങളെക്കുറിച്ചുമുള്ള വിശദ വിവരങ്ങൾ ലഭിക്കത്തക്കവിധം ഇവിടെ നിയമിക്കപ്പെടുന്ന പോലീസുകാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ് നൽകുമോ; എങ്കിൽ ഏതു സ്ഥാപനം മുഖേന പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ
### (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) ടൂറിസ്റ്റുകൾക്ക് സംരക്ഷണവും, ടൂറിസ്റ്റുകൾക്കാവശ്യമായ വിവരങ്ങളും നൽകുന്നതിനാണ് ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം കൊണ്ട് വിവക്ഷിക്കുന്നത്. ഇപ്പോൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസുകാരെ പോസ്റ്റു ചെയ്തിട്ടുണ്ടെങ്കിലും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ചിട്ടില്ല. എന്നാൽ ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള പരിപാടി ടൂറിസം വകുപ്പിനുണ്ട്. കോവളം, കുമരകം എന്നീ സ്ഥലങ്ങളിൽ ഓരോ ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇതുകൂടാതെ വേളി, വർക്കല, പാപനാശം റോഡ്, പൊൻമുടി, വർക്കല ക്ലിഫ്, കുമരകം, മൂന്നാർ, തേക്കടി, ഫോർട്ട് കൊച്ചി, ചെറായി എന്നീ 9 സ്ഥലങ്ങളിൽ ടൂറിസം എയ്ഡ് പോസ്റ്റുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

150 പോലീസ് കോൺസ്റ്റബിൾമാരെയും 30 ഹെഡ് കോൺസ്റ്റബിൾമാരെയും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കുവാനുള്ള അനുമതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ടൂറിസ്റ്റുകളുടെ സംരക്ഷണമാണ് പ്രധാനമായും ലഭ്യമാക്കുന്നത്. ഇതു കൂടാതെ ടൂറിസ്റ്റുകൾക്കുവേണ്ട സേവനങ്ങൾ ലഭ്യമാക്കുക, ടൂറിസ്റ്റു കേന്ദ്രങ്ങളിലെ കുറ്റകൃത്യങ്ങൾ തടയൽ, ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിൽ റോന്തു ചുറ്റുക തുടങ്ങിയ നടപടികൾ കൂടി ചെയ്തുവരുന്നുണ്ട്. ഇതു തുടരുന്നതാണ്.

(സി) മേല്പറഞ്ഞ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ പരിശീലനം 'KITTS' വഴി ടൂറിസം പോലീസിന് നൽകി വരുന്നു. കേരളത്തിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വിമാനത്താവളങ്ങൾ, പ്രധാന റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലും ഡൽഹി, മുംബൈ, ചെന്നൈ, ഗോവ എന്നിവിടങ്ങളിലും വകുപ്പിന്റെ പ്രധാന ഓഫീസുകളോടനുബന്ധിച്ചും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇൻഫർമേഷൻ സെന്ററുകളിലെ ജീവനക്കാർക്കും 'KITTS' വഴി പരിശീലനം നൽകി വരുന്നുണ്ട്.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി

*183 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പ്രതി വർഷം എത്ര രൂപയാണ്.; ഇതു വഴി സർക്കാരിന് പ്രതിവർഷം എത്ര രൂപ ലഭിക്കുന്നു;

(ബി) സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുോ;

(സി) ഇത് നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്

**ഉത്തരം:- ഡോ. തോമസ് ഐസക്**
(ധനകാര്യ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പ്രതിവർഷം 3000/- രൂപയാണ്. ഈ ഇനത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ 265.00 ലക്ഷം രൂപയും, 2006-07 സാമ്പത്തിക വർഷത്തിൽ ഇന്നേ വരെ 154.76 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1958-ലെ കേരള മണി ലെന്റിംഗ് നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

## പച്ചക്കറി ഉത്പാദന രംഗത്തെ സ്വയംപര്യാപ്തത

*184 ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉത്പാദന രംഗത്ത് സ്വയംപര്യാപ്തത നേടാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് വിത്തും വളവും ഉൾപ്പെടെയുള്ളവ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താൻ തയ്യാറാവുന്ന സംഘങ്ങൾക്ക് പ്രത്യേക സഹായം നൽകുമോ; പച്ചക്കറികളുടെ വിപണനത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) പച്ചക്കറി ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത എന്ന ലക്ഷ്യം മുൻ നിർത്തി വി.എഫ്.പി.സി.കെ. സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് സാങ്കേതികവിദ്യ, വായ്പ, വിപണനം എന്നിവ ഉറപ്പാക്കി പ്രവർത്തിച്ചുവരുന്നു. അതുപോലെ കൃഷിവകുപ്പിന്റെ കീഴിലുള്ള അഗ്രികൾച്ചറൽ എക്സ്പോർട്ട് സോൺ (കാർഷിക കയറ്റുമതി മേഖല) മുഖേന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതിയിലൂടെയും പച്ചക്കറി ഉല്പാദനം ലക്ഷ്യമിടുന്നു.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക കയറ്റുമതി മേഖല മുഖേന നടപ്പിലാക്കിവരുന്ന പച്ചക്കറി കൃഷിക്ക് ഹെക്ടർ ഒന്നിന് 5000 രൂപ വിത്ത്, വളം തുടങ്ങിയ ഉല്പാദനോപാധികൾക്ക് സഹായധനമായി നൽകിവരുന്നു. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി വിത്തുകൾ സൗജന്യ നിരക്കിൽ വി.എഫ്.പി.സി.കെ. കർഷകർക്ക് ലഭ്യമാക്കുന്നു.

(സി) കാർഷിക കയറ്റുമതി മേഖല മുഖേന കയറ്റുമതിക്ക് പ്രാധാന്യം നൽകി പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ സഹായം നൽകിവരുന്നുണ്ട്. വിപണനത്തിനായി കൃഷിവകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്തവ്യാപാര വിപണികൾ, സംഘ മൈത്രികൾ, കാർഷിക കയറ്റുമതി മേഖല, ഹോർട്ടിക്കോർപ്പിന്റെ വില്പന ഷോപ്പുകൾ എന്നിവ മുഖേന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന സ്വാശ്രയസംഘങ്ങളിലൂടെയാണ് വി.എഫ്.പി.സി.കെ. പ്രവർത്തിക്കുന്നത്. പച്ചക്കറികളുടെ വിപണനം 186 സ്വാശ്രയ കർഷക സമിതികൾ മുഖേന നടത്തിവരുന്നു. നിലവിലുള്ളതു സംബന്ധിച്ച് സത്യസന്ധമായും സമഗ്രമായും അവലോകനം നടത്തുകയും കർഷകർ നേരിടുന്ന പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ ആരായുകയും ചെയ്യും.

## കാർഷിക മേഖലയിലെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി

*185 ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കാർഷിക വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ ;

(ബി) കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ സഹായമാണ് ലഭിച്ചു വരുന്നത് ;

(സി) വിദേശ സഹായം ലഭിക്കുന്നുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ
### (കൃഷി വകുപ്പുമന്ത്രി)

(എ) ഉണ്ട്. 2004-05 വർഷം കാറ്റുവീഴ്ച രോഗനിയന്ത്രണത്തിനായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളെ ഉൾപ്പെടുത്തി 1924.67 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 2005-06 വർഷം കേന്ദ്ര അനുമതി ലഭിക്കുകയും ഒന്നാം ഗഡു ധനസഹായം അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി 40 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിലെ തെങ്ങിന്റെ കൂമ്പുചീയൽ രോഗനിയന്ത്രണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 6.802 ലക്ഷം രൂപയുടെ ഒരു പദ്ധതി 2005-06 വർഷത്തിൽ പൂർത്തീകരിച്ചു.
3. വരൾച്ച ബാധിത ജില്ലകളായ കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട്, കൊല്ലം ജില്ലകളിലെ കശുമാവ് പുനരുദ്ധാരണത്തിനും ഇടുക്കി, വയനാട്, കോഴിക്കോട് എന്നീ വരൾച്ച ബാധിത ജില്ലകളിലെ കുരുമുളക് കൃഷി പുരുദ്ധാരണത്തിനും 30 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
4. ഹോൾട്ടിക്കൾച്ചർ വിളകളുടെ ഉന്നമനത്തിനായി കേന്ദ്രം നാഷണൽ ഹോൾട്ടികൾച്ചർ മിഷൻ എന്ന ഒരു പദ്ധതിക്ക് രൂപം നൽകി. കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം സ്റ്റേറ്റ് ഹോൾട്ടിക്കൾച്ചർ മിഷൻ രൂപീകൃതമായി. 2005-06 വർഷം 75.820 കോടി രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
5. പുഷ്പകൃഷി, ഔഷധസസ്യ കൃഷി, ഇടവിളകൃഷി എന്നിവയുടെ വികസനത്തിനായി 2005-06 വർഷം 555.55 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഫ്ളോറി-ഗ്രൂപ്പ്, ഔഷധസസ്യ ഗ്രൂപ്പ്, ഇടവിളകൃഷി ഗ്രൂപ്പ് എന്നിവയ്ക്ക് രൂപം നൽകി അവരിലൂടെയാണ് പദ്ധതി നടപ്പിലാക്കിയത്.

(ബി) കാർഷിക മേഖലയുടെ വികസനത്തിനായി നെൽകൃഷി വികസനം, കാർഷിക യന്ത്രവൽക്കരണം, ചെറുധാന്യങ്ങളുടെ വികസനം, എണ്ണപ്പന കൃഷി വികസനം, നാളീകേര കൃഷി വികസനം, നീർമറി പ്രദേശ വികസനം, കാർഷിക വൃത്തിയിലൂടെ സ്ത്രീകളിലൂടെ ഉന്നമനം മുതലായവയ്ക്കാണ് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിച്ചുവരുന്നത്. 2006-07 വർഷം നാളിതുവരെ അനുമതി ലഭിച്ച കേന്ദ്ര സർക്കാർ പദ്ധതികൾ ഇപ്രകാരം ആകുന്നു. (തുക ലക്ഷത്തിൽ).

**I. 100% കേന്ദ്രാവിഷ്കൃതം**

| | | |
|---|---|---|
| 1. | നാളികേര വികസന ബോർഡ് | - 468 ലക്ഷം |
| 2. | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | - 92.99 ലക്ഷം |
| 3. | കാർഷിക യന്ത്രവൽക്കരണം ശക്തിപ്പെടുത്തൽ | - 16.72 ലക്ഷം |
| | ആകെ | - 577.71 ലക്ഷം |

**II. 90% കേന്ദ്രാവിഷ്കൃതം**

| | |
|---|---|
| മാക്രോ മാനേജ്മെന്റ് പദ്ധതി കേന്ദ്രസർക്കാർ വിഹിതം | - 3060 ലക്ഷം |
| കേരള സർക്കാർ വിഹിതം | - 340 ലക്ഷം |
| ആകെ | - 3400 ലക്ഷം |

**III. 75% കേന്ദ്രാവിഷ്കൃത**

| | |
|---|---|
| എണ്ണപ്പന വികസന പദ്ധതി കേന്ദ്രസർക്കാർ വിഹിതം | - 15 ലക്ഷം |
| കേരള സർക്കാർ വിഹിതം | - 5 ലക്ഷം |
| ആകെ | - 20 ലക്ഷം |

**IV. 50% കേന്ദ്രാവിഷ്കൃതം**

1. T X D തെങ്ങിൻ തൈകൾ ഉല്പാദനവും വിതരണവും

| | |
|---|---|
| കേന്ദ്ര സർക്കാർ വിഹിതം | - 9.38 ലക്ഷം |
| കേരള സർക്കാർ വിഹിതം | - 9.38 ലക്ഷം |
| ആകെ | - 18.76 ലക്ഷം |

2. നാളികേര റീജിണൽ നഴ്സറി

| | |
|---|---|
| കേന്ദ്ര സർക്കാർ വിഹിതം | - 36.25 ലക്ഷം |
| കേരള സർക്കാർ വിഹിതം | - 36.25 ലക്ഷം |
| ആകെ | - 72.50 ലക്ഷം |

**V. 40% കേന്ദ്രാവിഷ്കൃതം**

മൈക്രോ ഇറിഗേഷൻ

| | |
|---|---|
| കേന്ദ്ര സർക്കാർ വിഹിതം | - 3200 ലക്ഷം |
| കേരള സർക്കാർ വിഹിതം | - 800 ലക്ഷം |
| കർഷക വിഹിതം/ബാങ്ക് വായ്പ | - 4000 ലക്ഷം |
| ആകെ | - 8000 ലക്ഷം |
| ആകെ മൊത്തം തുക | - 12088.97 ലക്ഷം |

(സി) വിദേശ സഹായം ലഭിച്ചിട്ടില്ല.